ഉത്തരം

(എ) 195 കോടി രൂപ.

(ബി) 15 ശതമാനം.

(സി) 30-4-1999-ൽ.

(ഡി) പലിശയിനത്തിൽ 17,54,59,252 രൂപ ലഭിച്ചു. നിക്ഷേപത്തീയതി മുതൽ 28-2-1999 വരെ 15 ശതമാനവും 1-3-1999 മുതൽ നിക്ഷേപം പിൻവലിച്ച തീയതിവരെ 14 ശതമാനം നിരക്കിലുമാണ്.

(ഇ-ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥയുടെ കാരണം പറഞ്ഞ് ചില ജില്ലാബാങ്കുകൾക്ക് നബാർഡ് റീഫൈനാൻസിംഗ് നൽകാതിരിക്കുകയായിരുന്നു. ഇപ്പോൾ ട്രഷറിയിൽ നിക്ഷേപം നടത്തിയതിന്റെ പേരിൽ ബാക്കി ജില്ലാ സഹകരണ ബാങ്കുകൾക്കുള്ള റീഫൈനാൻസ് കൂടി നബാർഡ് നിർത്തിവച്ചിരിക്കുകയാണ്.

(ഐ) 502.24 കോടി രൂപ.

(ജെ) നബാർഡ് റീഫൈനാൻസ് നിർത്തിവച്ചതിന്റെ പേരിൽ സംഘങ്ങളിൽ നിന്നും കർഷകർക്ക് കാർഷിക വായ്പകൾ ലഭിക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല.

സഹകരണബാങ്കുകൾ സർക്കാരിന് നൽകിയ തുക

147 (372) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എന്ത് തുകവീതം സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണബാങ്കുകളും സർക്കാരിന് നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നൽകിയതിൽ എന്തു തുക തിരിച്ചടച്ചിട്ടുണ്ട് ;

(സി) ഈ ഇനത്തിൽ എന്തു തുക പലിശയായി ലഭിച്ചിട്ടുണ്ട് ;

(ഡി) ഇനിയും എന്തു തുക ഈ ഇനത്തിൽ സർക്കാരിൽ നിന്നും സഹകരണ ബാങ്കുകൾക്ക് ലഭിക്കുവാനുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും താഴെ ചേർത്തിരിക്കുന്ന പ്രകാരം ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാന സഹകരണ ബാങ്ക്.

	രൂപ കോടിയിൽ
1998-99	295 കോടി രൂപ

2. ജില്ലാ സഹകരണ ബാങ്കുകൾ

	രൂപ കോടിയിൽ
1999-2000	747.62 കോടി രൂപ

(ബി) സംസ്ഥാന സഹകരണബാങ്ക് 295 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾ 245.38 കോടി രൂപയും പിൻവലിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിന് 26.54 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 245.38 കോടി രൂപയും പലിശയായി ലഭിച്ചിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണബാങ്കുകളുടെ 502.24 കോടി രൂപയുടെ നിക്ഷേപം ട്രഷറിയിൽ ബാക്കി നിൽപ്പുണ്ട്. പലിശയിനത്തിൽ സംസ്ഥാന സഹകരണ ബാങ്കിന് 3.37 കോടി രൂപയും, ജില്ലാ സഹകരണ ബാങ്കുകൾക്ക് 31-12-2000 വരെ 45.43 കോടി രൂപയും ലഭിക്കുവാനുണ്ട്.

ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ

148 (373) ശ്രീ. മൊയിൻ കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എന്തു തുക വീതം ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്, വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

I കേരള സംസ്ഥാന സഹകരണ ബാങ്ക്

ട്രഷറിയിൽ നിക്ഷേപമില്ല.

II ജില്ലാ സഹകരണ ബാങ്കുകൾ

1. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് - 50.00 കോടി രൂപ
2. കൊല്ലം ജില്ലാ സഹകരണ ബാങ്ക് - 75.00 കോടി രൂപ
3. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് - 26.42 കോടി രൂപ
4. കോട്ടയം ജില്ലാ സഹകരണ ബാങ്ക് - 35.00 കോടി രൂപ
5. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് - 93.00 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly